കേരള സർക്കാർ

നം.9870/പിഎസ്1/2013/തസ്വഭവ.

തദ്ദേശ സ്വയംഭരണ(പിഎസ്)വകുപ്പ്,
തിരുവനന്തപുരം. തീയതി, 05/03/2013

**സർക്കുലർ**

വിഷയം- തസ്വഭവ-നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന- 1) നിയമസഭാ സെക്രട്ടറിയുടെ 08/02/2013 ലെ 497/ക്യൂഎൻഎ3/2013/ ലെജി നമ്പർ കത്ത്.

2) പാർലമെന്ററി കാര്യ(ബി) വകുപ്പിന്റെ 13.02.13 ലെ 208/ബി2/2012/ പാകാവ നമ്പർ സർക്കുലർ.

നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സംബന്ധിച്ച ഫയലുകൾ അവ സഭയിൽ വരുന്നതിന് രണ്ട് ദിവസത്തിന് മുൻപ് ബന്ധപ്പെട്ട മന്ത്രിമാരുടെ ഓഫീസിൽ നല്കേണ്ടതും മറുപടിയുടെ പകർപ്പുകൾ തലേദിവസം 5 മണിക്കു മുൻപായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതുമാണെന്ന് കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ, കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും കമ്മ്യൂണിക്കേറ്റ് ചെയ്യുന്ന അസംബ്ലി ചോദ്യങ്ങൾക്ക് യഥാസമയം മറുപടി വകുപ്പുതലവന്മാരിൽ നിന്നും സമർപ്പിക്കാറില്ല എന്നതും അസംബ്ലി ചോദ്യങ്ങളുടെ follow up നായി നിയമിച്ചിട്ടുള്ള നോഡൽ ഓഫീസർമാരെ പലപ്പോഴും ഫോണിൽ ലഭിക്കുന്നില്ല എന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം മറുപടി ലഭിക്കാത്തതിനാൽ നിയമസഭാ ചോദ്യങ്ങളുടെ കരട് മറുപടി ബഹു.മന്ത്രിമാർക്ക് ചോദ്യങ്ങൾ സഭയിൽ ഉന്നയിക്കുന്നതിന്റെ രണ്ട് ദിവസം മുൻപ് സമർപ്പിക്കുവാൻ കഴിയാറില്ല. ഇക്കാരണത്താൽ ചോദ്യം സഭയിൽ വരുന്നതിന്റെ തലേദിവസം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുവാനും കഴിയാറില്ല. ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിയമസഭാ ചോദ്യങ്ങൾ നിയമസഭയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചാലുടൻ തന്നെ നോഡൽ ഓഫീസർമാർ അതാത് വകുപ്പ്/സ്ഥാപനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഡൗൺ ലോഡ് ചെയ്ത് മറുപടി തയ്യാറാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തദ്ദേശ സ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അവ ലഭ്യമാക്കേണ്ടതുമാണ്..
2. ചോദ്യം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് പരമാവധി രണ്ടു ദിവസത്തിനകം മറുപടി/താല്ക്കാലിക മറുപടി ബന്ധപ്പെട്ട സെക്ഷനുകളിൽ ലഭിച്ചുവെന്ന് നോഡൽ ഓഫീസർമാർ ഉറപ്പാക്കിയിരിക്കണം.
3. അസംബ്ലി ചോദ്യങ്ങളുടെ മറുപടി സർക്കാർ നിർദ്ദേശിക്കുന്ന സമയപരിധിക്കകം സമർപ്പിക്കുന്നതിൽ വരുത്തുന്ന വീഴ്ച ഗുരുതരമായി കണക്കാക്കുന്നതും വീഴ്ച വരുത്തുന്നത് ഏത് തലത്തിലാണോ ആ തലത്തിലെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

4. അസംബ്ലി സമയത്ത് നിയമിക്കപ്പെടുന്ന നോഡൽ ഓഫീസർമാർ ഫോൺ/ മൊബൈൽ ഫോൺ കൃത്യമായി അറ്റന്റ് ചെയ്യണം.
5. നിയമസഭാ ചോദ്യങ്ങൾക്ക് താല്ക്കാലിക മറുപടിയാണ് നല്കുന്നതെങ്കിൽ അന്തിമ മറുപടി 7 ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ്.

എസ്.ജലീൽ,
സ്പെഷ്യൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

പഞ്ചായത്ത് ഡയറക്ടർ /നഗരകാര്യ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ/
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള അർബൻ & റൂറൽ ഫിനാൻഷ്യൽ കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, ക്ലീൻ കേരള മിഷൻ,തിരുവനന്തപുരം
പ്രൊജക്ട് ഡയറക്ടർ, കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രൊജക്ട്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, ഗോശ്രീ ഐലന്റ് വികസന അതോറിറ്റി,
പ്രൊജക്ട് ഡയറക്ടർ, കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസസ് ഡെലിവറി പ്രൊജക്ട് , തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഗ്രാമവിസന വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/
എല്ലാ സെക്ഷനുകൾക്കും